**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5319** **12-08-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽദിനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്തുന്നതിനും സാധിക്കുന്ന രീതിയിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (എ) | കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് കൈത്തറി വസ്ത്ര മേഖല. കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞ് പോയിക്കൊണ്ടിരുന്ന സാഹചര്യത്തിൽ കൈത്തറി മേഖലയുടെ ഉന്നമനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷം മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതു മൂലം നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 250ൽ കൂടുതൽ തൊഴിൽ ദിനങ്ങളും പ്രതിദിനം 600 രൂപയിൽ അധികം വേതനവും ലഭിയ്ക്കുന്നുണ്ട്. പദ്ധതി നടപ്പിലാക്കിയതു മുതൽ ഇന്നുവരെ 196.89 കോടി രൂപ നെയ്ത്ത് കൂലിയായി വിതരണം ചെയ്തിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ 2019 ഡിസംബർ മാസം മുതൽ പരിഷ്കരിച്ച മിനിമം കൂലി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി കൈത്തറി മേഖലയ്ക്ക് ഒരു പുനരുജ്ജീവനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ